LIBRARY ARCHIVES Kerala Legislative Assembly

നവരത്ന പദ്ധതികൾക്കായി പിൻവലിച്ച ഇക

61 (1765) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നവരത്ന പദ്ധതികൾക്കായി (കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി, വിഴിഞ്ഞം ഇറമുഖം, കണ്ണൂർ വിമാനത്താവളം, ദേശീയ ജലപാത, തിരുവനന്തപുരം- കോഴിക്കോട് മോണോ റെയിൽ, സബർബൻ റെയിൽവേ, ദേശീയപാതാ വികസനം, യുവജന സംരംഭകത്വം) ഈ സർക്കാരിന്റെ കാലത്ത് ട്രഷറിയിൽ നിന്നും പിൻവലിച്ച ഇക എത്രയാണെന്ന് വെളിപ്പെടുത്താമോ ; ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് ഓരോ പദ്ധതിക്കുംവേണ്ടി എന്തെല്ലാം സംഗതികൾ നിർവ്വഹിക്കപ്പെടുകയുണ്ടായിരുന്നു ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ നാല് ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിരുന്ന ഇക എത്ര വീതം ; യഥാർത്ഥത്തിൽ പിൻവലിക്കപ്പെട്ട ഇക എത്ര ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) അനുബന്ധം I ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട യോഗം

62 (1766) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് 3-6-2015-ന് മുഖ്യന്ത്രി വിളിച്ച് ചേർത്ത യോഗ നടപടികളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത യോഗ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ; ടെണ്ടറുമായി ബന്ധപ്പെട്ട പുതിയ എന്തെല്ലാം രേഖകൾ പരസ്യപ്പെടുത്തണമെന്നായിരുന്നു യോഗത്തിൽ ആവശ്യമുയർന്നത് ; അവ ആവശ്യപ്പെട്ടവർക്ക് ലഭ്യമാക്കുകയുണ്ടായോ ;

(സി) ചില രേഖകൾ നല്കാൻ നിർവ്വാഹമില്ലെന്ന് യോഗത്തെ മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ടായിരുന്നുവോ ; അവ ഏതെല്ലാമായിരുന്നുവെന്നറിയിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.